**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 897** **10-08-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | പട്ടികജാതി വിഭാഗക്കാർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വേണ്ട മൂലധന വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. പട്ടികജാതിക്കാർക്ക് പരിധി ബാധകമാക്കാതെ 3 ലക്ഷം വരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 1/3 സബ്സിഡി നൽകുന്നു. പട്ടികജാതിക്കാർ അംഗങ്ങളായ സ്വാശ്രയ സംഘങ്ങൾക്കും വനിതാ സ്വയംസഹായ സംഘങ്ങൾക്കും അംഗീകരിക്കപ്പെടുന്ന പ്രോജക്ടുകളുടെ 75% തുക (പരമാവധി 10 ലക്ഷം രൂപ) ബാങ്ക് അക്കൗണ്ടിലൂടെ അനുവദിച്ച് വരുന്നു.<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു. റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് അപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ്-മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതാണ്.<br><br>പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി 'ഉന്നതി' സംരംഭകത്വ വികസന പരിപാടിയിലൂടെ നിബന്ധനകൾക്ക വിധേയമായി ധനസഹായം അനുവദിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു കൂടാതെ ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ധനസഹായങ്ങൾ അനുവദിച്ച വരുന്നുണ്ട്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരായ യുവതീ യുവാക്കൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശവും പരിശീലനവും സാമ്പത്തിക സഹായവും മികച്ച മാനേജ്മെന്റ് പിന്തുണയും നൽകി ആധുനിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രാപ്തരാക്കാൻ വേണ്ടിയും തൊഴിലവസരങ്ങളും വരുമാനവും സ്വാശ്രയ ബോധവും സൃഷ്ടിക്കുന്നതിനും ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ള പട്ടികജാതി പട്ടികവർഗ്ഗ യുവതി യുവാക്കളെ ഒരേ സമയം തൊഴിൽ സംരംഭകരായും തൊഴിൽ ദാതാക്കളായും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ കേരള എംപവർമെന്റ് സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | 2016-21 കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്കായി നടപ്പാക്കുന്ന തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികളിൽ വിവിധ സ്ഥാപനങ്ങൾ മുഖേന എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ബി) | 2016–17 മുതൽ 2021–22 വർഷം വരെ വിവിധ സ്ഥാപനങ്ങൾ മുഖേന പട്ടികജാതി വിഭാഗക്കാരായ 8848 പേർക്കും പട്ടികവർഗ്ഗ വിഭാഗക്കാരായ 5693 പേർക്കും വിവിധ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികളിൽ പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ